11156
18/5/14

**കേരള സർക്കാർ**

**സംഗ്രഹം**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - **തിരുവനന്തപുരം ജില്ല** - ധനസഹായം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**റവന്യൂ (ഡിആർഎഫ് -എ) വകുപ്പ്**

**സ.ഉ.(സാധാ)നം. 2294/2017/റവ.** **തിരുവനന്തപുരം, തീയതി, 17.05.2017**

പരാമർശം: 1) തിരുവനന്തപുരം ജില്ലാ കളക്ടറുടെ 19.04.2017 04.05.2017 എന്നീ തീയതികളിലെ എച്ച്.5/27262/17 നമ്പർ കത്തുകൾ

**ഉത്തരവ്**

തെരുവു നായ്ക്കളുടെ കടിയേറ്റ് മരണപ്പെട്ട തിരുവനന്തപുരം കാട്ടുംപുറം ചരുവിള വീട്ടിൽ അയ്യപ്പൻ മകൻ കുഞ്ഞുകൃഷ്ണൻ എന്നയാളുടെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് **100,000/- രൂപ (ഒരു ലക്ഷം രൂപ മാത്രം)** ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. ടി ആവശ്യത്തിന് വേണ്ടി വരുന്ന **100,000/- രൂപ ( ഒരു ലക്ഷം രൂപ മാത്രം)** 2075-00-800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൌണ്ടിൽ നിന്നും തുക **തിരുവനന്തപുരം ജില്ലാ കളക്ടർക്ക്** നൽകേണ്ടതും ജില്ലാ കളക്ടർ പ്രസ്തുത തുക കുഞ്ഞുകൃഷ്ണന്റെ കുടുംബത്തിന് രണ്ടാഴ്ച്ചക്കം നൽകി വിവരം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സന്തോഷ് കുമാർ. ടി.കെ.**
**ഡെപ്യൂട്ടി സെക്രട്ടറി**

**ജില്ലാ കളക്ടർ, തിരുവനന്തപുരം.**
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി).
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**